# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1202 — 12.06.14 ൽ – മറുപടിക്ക്

## സിവിൽ സപ്ലൈസ് വകുപ്പിന് കീഴിൽ പഞ്ചായത്തുതല വിജിലൻസ് കമ്മിറ്റികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി.വിഷ്ണുനാഥ്<br>,, വി.ഡി.സതീശൻ<br>,, എ.പി.അബ്ദുള്ളക്കുട്ടി<br>,, ബെന്നി ബെഹനാൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സിവിൽ സപ്ലൈസ് വകുപ്പിന് കീഴിൽ പഞ്ചായത്തുതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ-യെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. |
| (ബി) ഇവയുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർ കൺവീനറായുമാണ് പഞ്ചായത്ത്തല വിജിലൻസ് കമ്മിറ്റി രൂപീകരിച്ചിരിക്കുന്നത്. 2 മാസത്തിലൊരിക്കൽ ഈ സമിതി യോഗം ചേരേണ്ടതുണ്ട്. പൊതുവിതരണ സമ്പ്രദായ ത്തിന്റെ അവലോകനം, ഗുണമേന്മയുള്ള സാധനങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും ഉപഭോക്താവിന് ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുക, പഞ്ചായത്തിലെ പൊതുവിതരണ സമ്പ്രദായം സുഗമമായും കാര്യക്ഷമമായും സുതാര്യമായും പരാതി രഹിതമായും നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക, കൂടാതെ ഗുണഭോക്താക്കളുടെ പരാതികൾക്ക് പരിഹാരം കണ്ടെത്തുക, ന്യായവില ഷോപ്പുകളുടെ പ്രവർത്തനം നിരീക്ഷിക്കുക, പൊതുവിതരണ സമ്പ്രദായ ത്തിന്റെ തുടർച്ചയായ അവലോകനം, പൊതുവിതരണ സമ്പ്രദായത്തിന്റെ മൊത്തത്തിലുള്ള അവബോധം സൃഷ്ടിക്കൽ എന്നിവ പഞ്ചായത്ത്തല വിജിലൻസ് കമ്മിറ്റിയുടെ ഉത്തരവാദിത്വങ്ങളാണ്. |
| (സി) സിവിൽ സപ്ലൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കു ന്നതിന് പ്രസ്തുത കമ്മിറ്റികൾ എത്ര മാത്രം പ്രയോജനപ്പെടുമെന്ന് വിശദമാക്കുമോ; | (സി) റേഷൻ സാധനങ്ങൾ യഥാസമയം ശരിയായ അളവിലും തൂക്കത്തിലും ഗുണഭോക്താ ക്കൾക്ക് ലഭ്യമാക്കുക, റേഷൻ സാധന ങ്ങളുടെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് ഇവ തടയുക, ഉപഭോക്താക്കൾക്ക് റേഷൻ വിഹിതത്തെക്കുറിച്ച് അവബോധമുണ്ടാക്കുക മുതലായ പ്രവർത്തനങ്ങൾക്ക് വിജിലൻസ് സമിതികൾ വകുപ്പിന് സഹായകരമാകു ന്നുണ്ട്. സമിതി യോഗങ്ങളിൽ ഉന്നയിക്കുന്ന പരാതികൾക്ക് പരിഹാരം കാണാനും കഴിയുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | എല്ലാ പഞ്ചായത്തുകളിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി) | എല്ലാ പഞ്ചായത്തുകളിലും പഞ്ചായത്ത്തല വിജിലൻസ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റ്, വാർഡ് പ്രതിനിധികൾ, സംസ്ഥാന നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികൾ, ഉപഭോക്തൃ സംഘടനാ പ്രതിനിധികൾ, റേഷൻ വ്യാപാരി പ്രതിനിധികൾ, ഫർക്കാ റേഷനിംഗ് ഇൻസ്പെക്ടർ, ലീഗൽ മെട്രോളജി, റവന്യൂ, ആരോഗ്യം, പഞ്ചായത്ത്, പോലീസ് എന്നീ വകുപ്പുകളിലെ പ്രതിനിധികൾ എന്നിവരുൾപ്പെട്ടതാണ് വിജിലൻസ് സമിതികൾ |
| (ഇ) | രൂപീകരിച്ചിട്ടില്ലെങ്കിൽ ഇതിനുള്ള നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കുമോ? | (ഇ) | ബാധകമല്ല |

സെക്ഷൻ ഓഫീസർ